**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1480** **30-08-2022 - ൽ മറുപടിയ്ക്ക്**

**കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ അകതിയൂർ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 4.9261 ഹെക്ടർ ഭൂമി കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടർ, ടൂറിസം വകുപ്പ് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ 26.06.2020 ലെ സ.ഉ(സാധാ) നമ്പർ 2293/2020/റവ പ്രകാരം അനുമതി നല്കിയിട്ടുള്ളതും സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് യൂണിറ്റിനെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം 31.03.2022 ലെ സ.ഉ(അച്ചടി) 120/2022/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ സ്ഥലപരിശോധന നടത്തി അർത്ഥനാധികാരി അംഗീകരിച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരം ചൊവ്വന്നൂർ വില്ലേജിലെ 219/17, 219/18 pt എന്നീ സർവ്വെ നമ്പറുകൾ ഏറ്റെടുപ്പിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, കൂടാതെ അകതിയൂർ വില്ലേജിലെ തന്നെ പുതിയ സർവ്വെ നമ്പറുകൾ പ്രകാരമുള്ള ഭൂമി കൂടി ഏറ്റെടുപ്പിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, ലാൻഡ് പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട ആകെ ഭൂമിയുടെ അളവ് 6.5583 ഹെക്ടർ ആണെന്നും ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 10.06.2022 ലെ സ.ഉ(അച്ചടി) 174/2022/റവ പ്രകാരം തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും, പ്രസ്തുത പദ്ധതിയുടെ സാമൂഹ്യ ആഘാത പഠനം നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ